**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ.പി. കെ. ബഷീർ** | | **null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വകലാശാലകളിൽ ചട്ടങ്ങളും കീഴ് വഴക്കങ്ങളും ലംഘിച്ചും യു.ജി.സി മാനദണ്ഡങ്ങൾ മറികടന്നും വൈസ് ചാൻസലർമാരെ നിയമിച്ചതിൽ ചാൻസലർ തന്നെ പ്രതിഷേധിക്കേണ്ടി വന്ന സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ; | (എ) | യു.ജി.സി.മാനദണ്ഡങ്ങൾക്ക് വിധേയമായും സർവ്വകലാശാലാ നിയമങ്ങളിലെ നിബന്ധനകൾക്കനുസരിച്ചുമാണ് സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത്. |
| (ബി) | സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ അനിയന്ത്രിതമായ ഇടപെടൽമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് അപചയം ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേലുള്ള സർക്കാർ നിലപാട് അറിയിക്കുമോ? | (ബി) | സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ അനിയന്ത്രിതമായി സർക്കാർ ഇടപെടാറില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് അപചയമുണ്ടാകാത്ത സാഹചര്യത്തിൽ ജുഡീഷ്യൽ അന്വേഷണം എന്ന ആവശ്യം അപ്രസക്തമാണ്. |

സെക്ഷൻ ഓഫീസർ